പതിമൂന്നാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം. 5747**

**09-07-2012 - ൽ മറുപടിക്ക്**

<u>വി.എച്ച്.എസ്.ഇയിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി.വിഷ്ണുനാഥ് | | **ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി)** |
| (എ) | ആഴ്ചയിൽ 12 മണിക്കൂർ ജോലി ചെയ്യുന്ന നോൺ വൊക്കേഷണൽ അദ്ധ്യാപകരെ സീനിയറായി പരിഗണിക്കാത്തത് എന്ത്കൊണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | വി.എച്ച്.എസ്.ഇ വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം ആഴ്ചയിൽ 15 മണിക്കൂറോ അതിൽ കൂടുതലോ ക്ലാസ് എടുക്കുന്ന അദ്ധ്യാപകരെയാണ് സീനിയർ അദ്ധ്യാപകരായി കണക്കാക്കുന്നത്. |
| (ബി) | ഒരേ വിഷയങ്ങൾ പഠിപ്പിക്കുന്ന ഹയർ സെക്കന്ററി അദ്ധ്യാപകരും നോൺ വൊക്കേഷണൽ അദ്ധ്യാപകരും തമ്മിൽ ഒരേ വിദ്യാഭ്യാസ യോഗ്യതയും ജോലിഭാരവും ഉണ്ടായിട്ടുകൂടി തുല്യജോലിക്ക് തുല്യവേതനം ലഭിക്കാതിരിക്കുന്ന അനീതി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (സി) | ഹയർ സെക്കന്ററിയുടെയും വൊക്കേഷണൽ ഹയർ സെക്കന്ററിയുടെയും പീരിയഡുകളുടെ ദൈർഘ്യം ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ